വിലനിലവാരം

● വെളിച്ചെണ്ണ
വെളിച്ചെണ്ണ.....14,800
വെളിച്ചെണ്ണ: മില്ലിങ്.....15,300
കൊപ്ര.....9600-9800
● പിണ്ണാക്ക്
എക്സ്പെല്ലർ.....2700
പിണ്ണാക്ക് റോട്ടറി.....3000
● കുരുമുളക്
അൺഗാർബിൾഡ്.....68,200
പുതിയ കുരുമുളക്.....67,200
കുരുമുളക് ഗാർബിൾഡ്.....70,200
● ചുക്ക്
മീഡിയം.....36,000
ചുക്ക് ബെസ്റ്റ്.....38,000
● മഞ്ഞൾ
നാടൻ.....15,000-17,000
സേലംഈറോഡ്-ഇല്ല
കാഞ്ഞിരകുറു.....1850
അടയ്ക്ക.....30,000
അടയ്ക്ക പുതിയത്.....33,000
പഞ്ചസാര.....4200
മുളക്.....27,500
ഉഴുന്ന്.....10,900-11,600
ചെറുപയർ..... 10,300-11,800
കടല.....6300-9800
മുതിര.....7500
എള്ള്.....20,000
മല്ലി.....7800-9200
പച്ചരി നമ്പർ.....14600
പുഴുക്കലരി ജയ.....4200
● ജാതിക്ക
തൊണ്ടൻ.....(കിലോ170-220)
ജാതിക്കതൊണ്ടില്ലാത്ത്.....350-400
ജാതിപത്രിചുവപ്പ്മഞ്ഞ.....900-1350
ജാതി ഫ്ളവർ ചുവപ്പ്.....1300-1450
ജാതി ഫ്ളവർ മഞ്ഞ.....1400-1550
ഗ്രാമ്പൂ.....900-960
റബർ ആർഎസ്എസ് 5 .....19,700 -20,300
റബർ ആർഎസ്എസ് 4.....20,500
ഒട്ടുപാൽ.....13,200
ലാറ്റക്സ്.....13,300
സ്വർണം പവൻ.....53,000
സ്വർണം ഗ്രാം.....6625
പാംഓയിൽ.....8950
● കാലടി വിപണി
ജാതിക്കതൊണ്ടൻ-(കിലോ 170-220)
ജാതിക്കതൊണ്ടില്ലാത്ത്-350-400
ജാതിപത്രിചുവപ്പ്മഞ്ഞ-900-1350
ഫ്ളവർ ചുവപ്പ്മഞ്ഞ-1300-1550
● സ്വർണം അവധി
ഓഗസ്റ്റ് 71715
ഒക്ടോബർ.....71990
റബർ ബോർഡ്
● കോട്ടയം
ആർ.എസ്.എസ്.4.....20400
ആർ.എസ്.എസ്.5.....20000
ഐ.എസ്.എൻ.ആർ-20.....17600
ലാറ്റക്സ് 60%.....14320
● കൊച്ചി
ആർഎസ്എസ്-5.....20400
റബർആർഎസ്എസ് 4 20000
● കൊച്ചി
ആർ.എസ്.എസ്.4.....20400
ആർ.എസ്.എസ്.5.....20000
● ബാങ്കോക്ക്
ആർ.എസ്.എസ്. 1.....18283
ആർ.എസ്.എസ്. 2.....18146
ആർ.എസ്.എസ്. 3.....18021
ആർ.എസ്.എസ്. 4.....17953
ആർ.എസ്.എസ്. 5.....17850
● കുലാലംപൂർ
എസ്.എം.ആർ-20.....14306
ലാറ്റക്സ് 60%.....13721
● ആലപ്പുഴ മാർക്കറ്റ്
വെളിച്ചെണ്ണ 14900-15400
കൊപ്ര തെളിവ് 9600
കൊപ്ര ഓടെ.....9550
കൊപ്ര രാശി 9500
സ്വർണം ഒരു ഗ്രാം 6600
സ്വർണം എട്ടു ഗ്രാം 52800
തങ്കം 10 ഗ്രാം 69000
വെള്ളി ഒരു കിലോ 95000

മൂല്യവർധിത കാർഷിക ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യാനൊരുങ്ങി സഹകരണ വകുപ്പ്

കൊച്ചി: സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ മൂല്യവർധിത കാർഷിക ഉൽപന്നങ്ങൾ സംസ്ഥാനത്തുനിന്ന് അമേരിക്ക, യൂറോപ്പ് എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നു. ആദ്യ കയറ്റുമതി ഇന്നു രാവിലെ 10ന് വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ് ടെർമിനലിൽ സഹകരണ വകുപ്പ് മന്ത്രി വി.എൻ വാസവൻ ഫ്ളാഗ് ഓഫ് ചെയ്യും.

സഹകരണ വകുപ്പ് സെക്രട്ടറി ഡോ. രത്തൻ യു. ഖേൽക്കർ, സഹകരണ വകുപ്പ് രജിസ്ട്രാർ ടി.വി സുഭാഷ് തുടങ്ങിയവർ പങ്കെടുക്കും. കേരളത്തിന്റെ കാർഷിക ഉൽപന്നങ്ങൾക്കു വിദേശ രാജ്യങ്ങളിൽ വിപണി സ്ഥാപിക്കുന്നതിന്റെ ഭാഗമായാണിത്. ഗുണനിലവാരമുള്ള മൂല്യവർധിത കാർഷിക ഉൽപന്നങ്ങൾ സംസ്കരിച്ച് കയറ്റുമതിക്കായി തയാറാക്കുന്നതിന് 30 സഹകരണ സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിൽ മൂന്ന് സഹകരണ സംഘങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങളാണ് ആദ്യമായി കയറ്റുമതി ചെയ്യുന്നത്. അടുത്ത മാസം 30 സഹകരണ സ്ഥാപനങ്ങളുടെയും ഉൽപ്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനാണു ലക്ഷ്യമിടുന്നത്.

വാരപ്പെട്ടി സഹകരണസംഘം ഉത്പാദിപ്പിച്ച മസാലയിട്ട മരച്ചീനി, ബനാന വാക്വം ഫ്രൈ, റോസ്റ്റഡ് വെളിച്ചെണ്ണ, ഉണക്കിയ ചക്ക, കാക്കൂർ സഹകരണ സംഘത്തിന്റെ ശീതികരിച്ച മരച്ചീനി, ഉണക്കിയ മരച്ചീനി, തങ്കമണി സഹകരണസംഘത്തിന്റെ തേയിലപ്പൊടി എന്നിവയാണ് ആദ്യമായി യു.എസ്.എയിലേക്കു കയറ്റുമതി ചെയ്യുന്നത്.

25 വർഷമായി കാർഷിക ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്ന കോതമംഗലം ആസ്ഥാനമായുള്ള മാത്തിൽ എക്സ്പോർട്ടേഴ്സാണ് ഉൽപന്നങ്ങൾ അമേരിക്കൻ വിപണിയിലെത്തിക്കാനുള്ള ചുമതല. കൂടുതൽ സഹകരണസംഘങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളുള്ള രണ്ടാമത്തെ ചരക്ക് ജൂലൈ ആദ്യവാരം കയറ്റുമതി ചെയ്യും.

നേരിട്ട് പച്ചക്കറി സംഭരിക്കും: മന്ത്രി

തിരുവനന്തപുരം: കർഷകരിൽനിന്നു പച്ചക്കറി നേരിട്ടു സംഭരിച്ചു ഹോർട്ടി കോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ വിപണികൾ മുഖേന ലഭ്യമാക്കാൻ നടപടി സ്വീകരിച്ചതായി കൃഷിമന്ത്രി പി. പ്രസാദ് അറിയിച്ചു. പച്ചക്കറിക്കു വില വർധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് നടപടി. തിരുവനന്തപുരം, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ സഞ്ചരിക്കുന്ന പച്ചക്കറി വിപണനശാലകൾ നാളെമുതൽ സജ്ജമാകും. തുടർന്നു കൂടുതൽ ഇടങ്ങളിലേക്കു വിപണനശാലകൾ വ്യാപിപ്പിക്കും.

വൈദ്യുതി സുരക്ഷാ വാരാചരണം നാളെമുതൽ

തിരുവനന്തപുരം: ഈ വർഷത്തെ വൈദ്യുതി സുരക്ഷാ വാരാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി കെ. കൃഷ്ണൻകുട്ടി നാളെ ഉച്ചയ്ക്കു രണ്ടിനു തിരുവനന്തപുരം സത്യൻ സ്മാരക ഹാളിൽ നിർവഹിക്കും. ആന്റണി രാജു എം.എൽ.എ. അധ്യക്ഷത വഹിക്കും.

ഫിഷറീസ് ഡയറക്ടറുടെ നിർദേശാനുസൃതം മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യം ലഭ്യമാക്കും: മന്ത്രി

തിരുവനന്തപുരം: ഫിഷറീസ് ഡയറക്ടർ നിർദേശം ലഭ്യമാക്കുന്ന മുറയ്ക്ക് മത്സ്യത്തൊഴിലാളികളുടെ വിദ്യാർഥികൾക്കു വിദ്യാഭ്യാസ ധനസഹായ ഫണ്ട് അനുവദിക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി കെ.എൻ. ബാലഗോപാൽ. അർഹരായ എല്ലാ വിദ്യാർഥികൾക്കും എത്രയും വേഗത്തിൽ കുടിശിക രഹിതമായി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. പി.പി. ചിത്തരഞ്ജന്റെ ഉപക്ഷേപത്തിനു മറുപടി നൽകുകയായിരുന്നു മന്ത്രി.

വിദ്യാഭ്യാസ ആനുകൂല്യം നൽകാൻ ഒരു വർഷം ഏകദേശം 35 കോടി രൂപ വേണ്ടി വരുന്നുണ്ട്. 2023-24 വർഷത്തിൽ വിദ്യാഭ്യാസ ആനുകൂല്യത്തിനായി പദ്ധതിവിഹിതമായി 702 ലക്ഷം രൂപയും പദ്ധതിയേതര വിഹിതമായി 25 കോടി രൂപയും വകയിരുത്തിയിരുന്നു. ഇവ പൂർണ്ണമായും വിദ്യാഭ്യാസ ആനുകൂല്യം നൽകാൻ അനുവദിച്ചിട്ടുണ്ട്. കൂടാതെ ധന പുനർവിനിയോഗ അനുമതിയിലൂടെ ലഭ്യമായ 16 കോടി രൂപയും അനുവദിച്ചു.

2024-25 വർഷം പദ്ധതിയേതര വിഹിതമായ 27.5 കോടി രൂപയും പദ്ധതിവിഹിതത്തിൽനിന്ന് 9.28 കോടി രൂപയുമാണു മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിന് വകയിരുത്തിയിട്ടുള്ളതെന്നും മന്ത്രി വിശദീകരിച്ചു.

മൈജി സെയിൽസ് സൂപ്പർ സ്റ്റാർ റിക്രൂട്ട്മെന്റ് ഡ്രൈവ് 30 ന്

കോഴിക്കോട്: മൈജി കേരളത്തിൽ ഉടൻ ആരംഭിക്കുന്ന ഫ്യൂച്ചർ ഷോറൂമുകളിൽ വിവിധ തസ്തികകളിലേക്കായി ആയിരത്തോളം സെയിൽസ്മാൻമാരുടെ ഒഴിവിലേക്കായി സൂപ്പർ സ്റ്റാർ റിക്രൂട്ട്മെന്റ് ഡ്രൈവ് നടത്തുന്നു. ജൂൺ 30 ന് കോഴിക്കോട്, കൊച്ചി, കൊല്ലം എന്നിവിടങ്ങളിലായാണ് റിക്രൂട്ട്മെന്റ് നടക്കുക. നൂറിലധികം ഷോറൂമുകളാണ് ഇപ്പോൾ മൈജിക്കുള്ളത്. 3000 പേർ ഇവിടങ്ങളിൽ ജോലി ചെയ്യുന്നു.

സംസ്ഥാനത്തു ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്നതും മൈജിയുടെ ലക്ഷ്യമാണ്. 2024-2025 സാമ്പത്തിക വർഷത്തിൽ 4000 കോടി രൂപയുടെ വിറ്റുവരവും 4000 തൊഴിൽ അവസരങ്ങളുമാണ് കമ്പനി വിഭാവനം ചെയ്യുന്നത്. പുതിയ 30 ഷോറൂമുകൾ കൂടി തുറക്കുന്നതിലൂടെ കേരളത്തിൽ ആകെ ഷോറൂമുകളുടെ എണ്ണം 150 ആകുമെന്ന് മൈജി ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

35 വയസിൽ താഴെയുള്ള, ചുരുങ്ങിയത് പ്ലസ് ടു യോഗ്യതയുള്ള ഉദ്യോഗാർഥികൾക്ക് റിക്രൂട്ട്മെന്റിൽ പങ്കെടുക്കാം. സെയിൽസിലുള്ള താൽപര്യം, ആകർഷകമായ വാക്ചാതുര്യം, ഊർജ്ജസ്വലത എന്നിവ ഉണ്ടായിരിക്കണം. സമാന മേഖലയിൽ മുൻ പരിചയം ഉള്ളവർക്കും ഇല്ലാത്തവർക്കും അപേക്ഷിക്കാം.

കോഴിക്കോട് മാവൂർ റോഡിൽ കാലിക്കറ്റ് ടവർ, എറണാകുളം എം ജി റോഡിൽ ജിൻജർ ഹോട്ടൽ, കൊല്ലം ചിന്നക്കടയിൽ നാനി ഹോട്ടൽസ് റിസോർട്ട്സ് എന്നിവിടങ്ങളിലാണ് ഇന്റർവ്യൂ നടക്കുക. കൂടുതൽ വിവരങ്ങൾക്ക് : 8714 63 22 27, ന്ദന്ദന്ദ.ത്ഥഗ്ദഡ▼ ണ്ഡത്തദ്യഗ്ദണ്ഡ

സർക്കാർ നാടകം അവസാനിപ്പിക്കണം: ഓർത്തഡോക്സ് സഭ

കോട്ടയം: സുപ്രീം കോടതി വിധി നടപ്പിലാക്കാൻ ശ്രമിക്കാതെ, സർക്കാരും പോലീസ് വകുപ്പും ചേർന്ന് ഒരുക്കുന്ന നാടകം ഇനിയെങ്കിലും അവസാനിപ്പിക്കണമെന്നു മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മാധ്യമ വിഭാഗം പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്ത.

അങ്കമാലി, തൃശൂർ ഭദ്രാസനങ്ങളിലെ ആറ് പള്ളികളിൽ സുപ്രീം കോടതിയുടെ വിധി നടപ്പാക്കണമെന്ന ഹൈക്കോടതിയുടെ നിർദേശം പാലിക്കാൻ സർക്കാരിന് സാധിക്കാത്തതു നിയമവ്യവസ്ഥയോടുള്ള അവഹേളനമാണ്.

വിധി നടപ്പാക്കുന്ന ദിവസം നേരത്തെ തന്നെ പാത്രിയാർക്കീസ് വിഭാഗത്തെ അറിയിക്കുകയും, വിധി നടത്തിപ്പിനെ പ്രതിരോധിക്കാൻ ആൾക്കൂട്ടത്തെ എത്തിക്കുവാനുള്ള അവസരം നൽകുകയും ചെയ്താണ് ഈ നാടകം അരങ്ങേറുന്നത്. കരുതിക്കൂട്ടി ഒരു സംഘർഷാവസ്ഥ സൃഷ്ടിച്ച്, കോടതിവിധി നടപ്പാക്കുന്നത് തടസപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമമായിട്ടേ ഇതിനെ കാണാൻ കഴിയൂ.

അധികൃതർ ഇതു കണ്ടില്ലെന്നു നടിക്കുന്നതു പക്ഷപാതപരമായ സമീപനമാണ്. ഇതു രാജ്യത്തിന്റെ നീതിന്യായ വ്യവസ്ഥയോടുള്ള വെല്ലുവിളിയാണെന്നും അദ്ദേഹം പറഞ്ഞു.

'പുതിയ വിദ്യാഭ്യാസ കലണ്ടർ പിൻവലിക്കണം'

കോട്ടയം: കുട്ടികളെ പ്രതികൂലമായി ബാധിക്കുന്നതും അശാസ്ത്രീയവുമായ പുതിയ വിദ്യാഭ്യാസ കലണ്ടർ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു ഹൈക്കോടതിയെ സമീപിച്ച് പ്രൈവറ്റ് സ്കൂൾ ഗ്രാജുവേറ്റ് ടീച്ചേഴ്സ് അസോസിയേഷൻ (പി.ജി.ടി.എ). ജസ്റ്റിസ് സിയാദ് റഹ്മാൻ അധ്യക്ഷനായ ബെഞ്ച് ഹർജി ഫയലിൽ സ്വീകരിച്ചു സർക്കാരിന്റെ മറുപടിക്കായി നോട്ടീസയച്ചു. അടുത്ത ഒന്നിനു ഹർജി പരിഗണിക്കും. അസോസിയേഷനുവേണ്ടി സംസ്ഥാന പ്രസിഡന്റ് സിബി ആന്റണി തെക്കേത്താണ് കോടതിയെ സമീപിച്ചത്.

അഞ്ചു ദിവസവും ക്ലാസ് മുറികളിൽ ഇരുന്നു പാഠങ്ങൾ കേട്ടു മുഷിയുന്ന വിദ്യാർഥികൾ ആറാം ദിവസവും ഇത് ആവർത്തിക്കുമ്പോൾ പഠനത്തെ വെറുത്തു പോകുമെന്നും ഇതു കുട്ടികളെ സ്കൂളിൽനിന്ന് അകറ്റുമെന്നും വിദഗ്ധർ അഭിപ്രായപ്പെട്ടിട്ടുള്ളതായി ഹർജിയിൽ പറയുന്നു. ഏതെങ്കിലും ശനിയാഴ്ച പ്രവൃത്തി ദിവസം ആകുന്നെങ്കിൽ ആ ദിവസം പാഠ്യേതര പ്രവർത്തനങ്ങൾക്ക് നീക്കിവയ്ക്കണമെന്ന് അസോസിയേഷൻ സംസ്ഥാന സമിതി ആവശ്യപ്പെട്ടു.

അനുമോദന സദസ് സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട: വെള്ളാങ്ങല്ലൂർ പഞ്ചായത്തിലെ എസ്.എസ്.എൽ.സി, പ്ലസ് ടു ഉന്നത വിജയം കൈവരിച്ചവരുടെ അനുമോദന സദസ് (മികവുകൾ പൂക്കുന്ന മിഥുന പകൽ) ജില്ലാ ലൈബ്രറി കൗൺസിൽ എക്സി.അംഗം ഖാദർ പട്ടേപ്പാടം ഉദ്ഘാടനം ചെയ്തു.

വെള്ളാങ്ങല്ലൂർ പഞ്ചായത്ത് പ്രസിഡണ്ട് എം.എം. മുകേഷ് അധ്യക്ഷത വഹിച്ചു. നവ കേരളവും ഉന്നത വിദ്യാഭ്യാസ ചിന്തകളും എന്ന വിഷയത്തിൽ ഡോ. രാജഹരിപ്രസാദ് പ്രഭാഷണം നടത്തി. സി.കെ. നസീർ, സി.ആർ. സോജൻ പ്രസംഗിച്ചു.

പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഫാസ്ന റിജാസ്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ പ്രസന്ന അനിൽകുമാർ, അസ്മാബി ലത്തീഫ്, പഞ്ചായത്തംഗങ്ങളായ ഷറഫുദ്ദീൻ ടി.കെ, ഷീല സജീവൻ, വർഷ പ്രവീൺ, ഷിബി അനിൽ, എക്സി.അംഗങ്ങളായ കെ.ഉണ്ണികൃഷ്ണൻ, എം.കെ മോഹനൻ, കെ.വി ഉണ്ണികൃഷ്ണൻ, ബാബു, രമേശ്, രാധാകൃഷ്ണൻ, എം.എ, സന്തോഷ് എന്നിവർ പങ്കെടുത്തു.

CHANGE OF NAME
I, Sindu Anikattu John holder of document name Sindu A.J do here by change my name to **Sindhu.**

Change of Name & Address
I, Thasni Mohammad Jaffer, holder of Indian Passport T9597940, Kattalat House, Pallimuck, P.O. Thalikulam, Thrissur, Pin-680569, Kerala, do hereby change my name as Thasni Kadukapeedikayil Basheer, and address as Kadukapeedikayil House, P.O. Vadakkummury, Thrissur, Pin-680570, Kerala.

PARAMEDICAL ADMISSION
+2 പാസായവർക്ക് താഴെ പറയുന്ന ഡിഗ്രി കോഴ്സിലും SSLC പാസായവർക്ക് ഡിപ്ലോമാ കോഴ്സിലും പ്രവേശനം ലഭ്യമാണ്.
1. Medical Laboratory Technology
2. Radiography & Imaging Technology
3. Anaesthesia & OT Technology
4. Dialysis Technology
5. Cardio Vascular Technology
ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. SC/ST വിഭാഗത്തിന് 25% ഫീസിളവ് ലഭിക്കുന്നതാണ്. എല്ലാ കോഴ്സിലും ഒരു വർഷത്തെ പ്രാക്ടിക്കൽ ട്രെയ്നിംഗ് ഉണ്ടായിരിക്കുന്നതാണ്.
Bharat Educational Trust & College of Allied Health Science, Andoor, Marangattupilly (Pala-Vaikom Route), Kottayam Dist., Mob:9447507858, 8921712807

MEDICAL LAB, X-RAY
CT Scan, Dialysis and OTT Degree Course-കളിലേക്ക് +2 കഴിഞ്ഞവർക്കും Nursing Assistant Courseലേക്ക് SSLC കഴിഞ്ഞവർക്കും അപേക്ഷിക്കാം.
Chaithanya Hospital & College of Medical Science Kuravilangadu, Kottayam 9645090576, 9745300576 www.mmcollege.co

LOST PASSPORT
ARYA (PP No. R1468878) Resident of VALATH HOUSE, POST. ANTHIKAD, THRISSUR, PIN- 680641, would like to inform that lost my passport while travelling from ANTHIKAD to ARIMBUR, Mob : 7592083080

നഷ്ടപ്പെട്ടു
എന്റെ ഭാര്യ സുമ എന്ന കൗമുദി പേരിൽ തീറ്റ സിദ്ധിച്ചതായ വഹകളുടെ അടിയാധാരങ്ങളായ തൃപ്രയാർ സ.റ. 2007ലെ 2-ാം നമ്പ്രി ഒസ്യത്തും, ചാവക്കാട് താഹസിൽദാർ ഓഫീസിൽ നിന്ന് ലഭിച്ച B2-17005/88/31-ാം നമ്പ്രി പട്ടയവും നഷ്ടപ്പെട്ടു പോയിട്ടുള്ളതാകുന്നു. മേൽ നമ്പ്രി കീഴാധാരങ്ങളുടെ സർട്ടിഫൈഡ് കോപ്പി എടുത്ത് ക്രയവിക്രയം ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ 15 ദിവസത്തിനുള്ളിൽ താഴെ പറയുന്ന അഡ്രസ്സിൽ ബന്ധപ്പെടേണ്ടതും അല്ലാത്തപക്ഷം ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി ഉപയോഗിച്ച് ക്രയവിക്രയം ചെയ്യുന്നതുമാകുന്നു. എന്ന്,
കൈപോത്ത് സുകുമാരൻ
പി.ഒ.നാട്ടിക-680566.
ഫോൺ: 9633644398

ബഹു. പാലക്കാട് പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ
OS No. 412/2022
കനറാ ബാങ്ക്, ബിഗ് ബസാർ ബ്രാഞ്ച്, പാലക്കാട് - അന്യായം ചാന്ദ്ബി സിദ്ധിഖ്, W/o പി.ടി. സിദ്ധിഖ്, സൂര്യർ സീനാ മഹൽ, പറക്കുന്നം, പാലക്കാട്-678001.
- 2-ാം പ്രതി
2-ാം പ്രതിക്കുള്ള സമൻസ് കല്പന
മേൽ കേസ്സിലെ പ്രതികളിൽ നിന്നും സംഖ്യ വസൂലാക്കി കിട്ടുന്നതിനായി ബോധിപ്പിച്ച കേസ്സ് 28/06/2024 തിയ്യതി 11 മണിക്ക് വിചാരണയ്ക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം നിങ്ങൾ നേരിലോ, ഒരു വക്കീൽ മുഖേനയോ കോടതി മുമ്പാകെ ഹാജരായി മറുപടി നൽകേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ എക്സ്പാർട്ടിയാക്കി വിധിയാക്കുന്നതാണെന്നും ഇതിനാൽ അറിവു തരുന്നു.
എന്ന്, 23/05/2024
അന്യായ ഭാഗം അഡ്വക്കേറ്റ്,
A.K. Priya Anil.

അറിയിപ്പ്
ദിവ്യ, D/o രാജേശ്വരി, കോമത്ത് വീട്, വെങ്ങാനെല്ലൂർ പി.ഒ ചേലക്കര എന്നയാൾ ദിവ്യ ദിലീപ് D/o രാജേശ്വരി കോമത്ത് വീട് വെങ്ങാനെല്ലൂർ പി.ഒ ചേലക്കര എന്നിവരുടെ പേരിലുള്ള ചേലക്കര SRO ലെ 256/01/2022-ാം നമ്പർ രജിസ്ട്രേഷൻ പ്രകാരമുള്ള വെങ്ങാനെല്ലൂർ വില്ലേജ് 124/20-2 ൽ 0.0202 സ്ക്വയർ മീറ്റർ വസ്തു വഹകൾ പണയപ്പെടുത്തി ബാങ്കിൽ ഒരു വായ്പക്ക് അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത ആധാരത്തിന്റെ കീഴാധാരമായ 757/1986-ാം നമ്പർ ആധാരം തിരിച്ച് കിട്ടാത്ത വിധം നഷ്ടപ്പെട്ടു പോയതിനാൽ ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പിയായി ഹാജരാക്കിയിട്ടുള്ളത്. ടി. വിഷയം നോട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൻ ഹാജരാക്കിയ രേഖകൾ പരിശോധിച്ച് ബാങ്കിൽ നിന്നും വായ്പ അനുവദിക്കുന്നതിനു ആക്ഷേപമില്ലെങ്കിലും എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ 7 ദിവസത്തിനകം ബന്ധപ്പെട്ടിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.
എന്ന്, മാനേജർ
തലപ്പിള്ളി താലൂക്ക് പ്രൈമറി സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നമ്പർ 1354
ചേലക്കര ബ്രാഞ്ച്

ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്
ജി.ഓഫീസ്: 11ാം നില, ടവർ എ, പെനിൻസുല ബിസിനസ് പാർക്ക്, ഗണപതിറാവു മാർഗ്, ലോവർ പരേൽ, മുംബൈ - 400013.ഫോൺ. നമ്പർ: 02261827414, 61827375
CIN No. U67190MH2008PLC187552
കൈവശാവകാശ നോട്ടീസ് (സ്ഥാവര സ്വത്ത്)
(2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾസ് ചട്ടം 8(1) അനുസരിച്ച്)
സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 2002, സെക്ഷൻ 13(2) റൂൾ 9 വ്യവസ്ഥപ്രകാരം നൽകിയിരിക്കുന്ന അധികാരങ്ങൾ ഉപയോഗിച്ച് താഴെ ഒപ്പിട്ടിരിക്കുന്ന ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ 2020 സെപ്റ്റംബർ 18-ന് ഒരു ഡിമാൻഡ് നോട്ടീസ് പുറപ്പെടുവിക്കുകയും, പ്രസ്തുത നോട്ടീസ് തീയതി മുതൽ 60 ദിവസത്തിനകം നോട്ടീസിൽ പറഞ്ഞിരിക്കുന്ന തുക തിരിച്ചടയ്ക്കാൻ വായ്പക്കാരോട് ആവശ്യപ്പെടുകയും ചെയ്തു.
വായ്പക്കാരൻ, തുക തിരിച്ചടക്കുന്നതിൽ പരാജയപ്പെട്ടതിനാൽ, ഈ നോട്ടീസ് വഴി വായ്പക്കാരെ പ്രത്യേകിച്ചും പൊതുജനങ്ങളെ പൊതുവായും അറിയിക്കുന്നത് എന്തെന്നാൽ, ബഹുമാനപ്പെട്ട ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, തൃശ്ശൂരിന്റെ ഉത്തരവ് പ്രകാരം സിഎംപി നമ്പർ 2765/2022 പ്രകാരം 2023 ഫെബ്രുവരി 6-ലെ ഉത്തരവനുസരിച്ച് കോടതി കമ്മീഷണർ തനിക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച് താഴെ വിവരിച്ചിരിക്കുന്ന വസ്തുവിന്റെ ഭൗതിക ഉടമസ്ഥാവകാശം 2024 ജൂൺ 21-ന് ഏറ്റെടുക്കുകയും ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ താഴെ ഒപ്പിട്ട അംഗീകൃത ഓഫീസർക്ക് കൈവശാവകാശം കൈമാറുകയും ചെയ്തു.
സുരക്ഷിതമായ ആസ്തികൾ വീണ്ടെടുക്കുന്നതിന് ലഭ്യമായ സമയത്തെ മാനിച്ച് ആക്ടിലെ സെക്ഷൻ 13ലെ ഉപവകുപ്പ് (8)ലെ വ്യവസ്ഥകളിലേക്ക് വായ്പക്കാരൻറെ ശ്രദ്ധ ക്ഷണിക്കുന്നു.
വായ്പക്കാരൻ പ്രത്യേകിച്ചും, പൊതുജനങ്ങൾ പൊതുവായും, ഈ വസ്തുവുമായി ഇടപെടരുതെന്ന് ഇതിനാൽ മുന്നറിയിപ്പ് നൽകുകയും ഈ വസ്തുവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഇടപാടുകൾ നടത്തുന്ന പക്ഷം ഡിമാൻഡ് നോട്ടീസ് തീയതി മുതലുള്ള പിഴ പലിശ, ചാർജുകൾ, ചെലവുകൾ മുതലായവയും പലിശ സഹിതം ചുവടെ പരാമർശിച്ചിരിക്കുന്ന തുകയ്ക്ക് ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ ചാർജിന് വിധേയമായിരിക്കും. .

ലോൺ അക്കൗണ്ട് നമ്പർ	ബാധ്യതക്കാരൻ/നിയമപരമായ അവകാശി/നിയമപരമായ പ്രതിനിധിയുടെ പേര്	ഡിമാൻഡ് നോട്ടീസിലെ തുകയും തീയതിയും	ഭൗതിക കൈവശപ്പെടുത്തൽ തീയതി
10659620 & 10659880	ശ്രീ. വെള്ളറ ആന്റണി സണ്ണി (വായ്പക്കാരൻ) ശ്രീമതി. മേഴ്സി പുലിക്കോട്ടിൽ വർഗീസ് & ശ്രീ. ആന്റണി സണ്ണി (സഹവായ്പക്കാരൻ)	2020 സെപ്റ്റംബർ 18 പ്രകാരം രൂപ 4,63,05,794/- (നാല് കോടി അറുപത്തിമൂന്ന് ലക്ഷത്തി അയ്യായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി നാല് മാത്രം)	2024 ജൂൺ

സുരക്ഷിതമായ ആസ്തികളുടെ/സ്ഥാവര സ്വത്തുക്കളുടെ വിവരണം: ഷെഡ്യൂൾ - സീരിയൽ നമ്പർ: 1, ജില്ല: തൃശൂർ, ഉപജില്ല: കോട്ടപ്പടി, താലൂക്ക്: ചാവക്കാട്, വില്ലേജ്: ഗുരുവായൂർ, പരിധി: കാരക്കാട്, മുൻസിപ്പാലിറ്റി വാർഡ്: ഗുരുവായൂർ-10, റീസർവ്വേനമ്പർ: 129 (വൺ ടു ഒമ്പത്), റീസർവ്വേഉപ.ഡിവിഷൻ. നമ്പർ: 4എ, റീസർവ്വേ ബ്ലോക്ക് നം.: ഇല്ല, പഴയ സർവേ നമ്പർ: ഇല്ല, വിസ്തീർണ്ണം (ആർ): 11.55 ആർ, തരം/സ്വഭാവം: ജന്മം/വരണ്ടഭൂമി, വസ്തുവിവരണം:- റീസർവ്വേ നം. 129/4യിൽ 9.42 ആർ ഭൂമിയും കെട്ടിടനമ്പർ 8/327 (പുതിയ നമ്പർ.10/437) കെട്ടിടവും, റീസർവ്വേ നം. 129/4യിൽ യിൽ 2.13 ആർ ഭൂമിയും ചേർന്ന് ആകെ 11.55 ആർ വസ്തു